ENTRI

1 Crore User Downloads

# CURRENT AFFAIRS 22 JULY 2025







**2025 ജൂലൈ 21 ന് അന്തരിച്ച കേരളത്തിലെ മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവും മുൻ മുഖ്യമന്ത്രിയുമായിരുന്ന നേതാവ്**
വി.എസ്. അച്യുതാനന്ദൻ

- ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുന്നപ്രയിൽ വേലിക്കകത്ത് വീട്ടിൽ ശങ്കരന്റെയും അക്കമ്മയുടെയും മകനായി 1923 ഒക്ടോബർ 20-ന് ആണ് വി.എസ്. അച്യുതാനന്ദൻ ജനിച്ചത്.
- 1946-ൽ പുന്നപ്ര വയലാർ സമരത്തിൽ പങ്കെടുത്തു.
- കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പിന് വഴിവച്ച 1964-ലെ ദേശീയ കൗൺസിൽ യോഗത്തിൽ നിന്ന് ഇറങ്ങിപ്പോന്ന് സി.പി.എം രൂപീകരിച്ച കേരളത്തിൽ നിന്നുള്ള ഏഴുനേതാക്കളിൽ ഒരാളാണ് വി.എസ്.അച്യുതാനന്ദൻ.
- 1992-1996, 2001-2006, 2011-2016 എന്നീ കേരള നിയമസഭകളിൽ അദ്ദേഹം പ്രതിപക്ഷ നേതാവായിരുന്നു.
- 2006 മുതൽ 2011 വരെ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നു വി.എസ്. ഏറ്റവും കൂടിയ പ്രായത്തിൽ കേരളത്തിലെ മുഖ്യമന്ത്രിയായ വ്യക്തിയാണ് അദ്ദേഹം.
- 2016-2020 കാലയളവിൽ അദ്ദേഹം ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ ആയി പ്രവർത്തിച്ചു.
- ജീവചരിത്രം - 'സമരം തന്നെ ജീവിതം'
- കൃതികൾ - ഇടപെടലുകൾക്ക് അവസാനമില്ല, സമരത്തിന് ഇടവേളകളില്ല, കേരള വികസന സങ്കൽപ്പങ്ങൾ, ഇരകൾ വേട്ടയാടപ്പെടുമ്പോൾ, അയ്യങ്കാളി മുതൽ പശ്ചിമഘട്ടം വരെ, പരിസ്ഥിതിയും വികസനവും, ജനപക്ഷം

---



കവീന്ദർ ഗുപ്ത

**2025 ജൂലൈയിൽ ലഡാക്കിലെ പുതിയ ലെഫ്റ്റനന്റ് ഗവർണർ ആയി നിയമിതനായത്**
കവീന്ദർ ഗുപ്ത

---

**2025 ജൂലൈയിൽ നാഷണൽ ഫിനാൻഷ്യൽ റിപ്പോർട്ടിങ് അതോറിറ്റിയുടെ പുതിയ ചെയർപേഴ്സണായി നിയമിതനായത്**
നിതിൻ ഗുപ്ത

---



ആന്ദ്രേ റസ്സൽ

**2025 ജൂലൈയിൽ രാജ്യാന്തര ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച വെസ്റ്റ് ഇൻഡീസ് ഓൾറൗണ്ടർ**
ആന്ദ്രേ റസ്സൽ